www.malankaralibrary.com

# പരേതനായ മിഷിനറി വൈദീകൻ

## ഒരു അനുഭവ സ്മരണ

**ക്രൈസ്തവ കാഹളം 1960 മെയ് ലക്കം**


BY



**(ശ്രീമാൻ കെ .എം . ഈശോ , ഓമല്ലൂർ)**

www.malankaralibrary.com

ഇക്കഴിഞ്ഞ ഏപ്രിൽ മാസം 25-ാം തീയതി (1960 ഏപ്രിൽ 25) 74 -ാം വയസ്സിൽ നിര്യാണമടഞ്ഞ ബഹു. പീടികയിൽ ഗീവറുഗീസ് അച്ചൻ എന്റെ ആത്മീയ പിതാവും, ഉത്തമ സുഹൃത്തും , ബാല്യകാല സഖിയും ആയിരുന്നു . ഈ സഖിത്വം ബാല്യത്തിൽ ഒരു കളരിയിൽ ഒരു ഗുരുവിന്റെ കീഴിൽ വിദ്യാഭ്യാസം ചെയ്തപ്പോൾ സമ്പാദിച്ച താണ്. ‘ ഇട്ടൻപിള്ള ’ എന്ന ഓമന പേരിലായിരുന്നു അന്ന് ബഹു. അച്ചൻ അറി യപ്പെട്ടിരുന്നത് . ഇട്ടൻപിള്ള എല്ലാവർക്കും ഇഷ്ടമുള്ള ഒരു കുട്ടിതന്നെയായിരുന്നു.



ബഹു. പീടികയിൽ ഗീവറുഗീസ് അച്ചൻ

കോട്ടയത്തു നടത്തിയ ഉപരിപഠനാന്തരം മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നി ന്നും ശെമ്മാശ്ശ പട്ടവും 1913 ൽ 27-ാം വയസ്സിൽ അബ്ദൽ മിശിഹാ പാത്രിയാർക്കിസി ൽ നിന്നും കശീശ്ശാ പട്ടവും അദ്ദേഹം സ്വീകരിച്ചു . മലങ്കര യാക്കോബായ സഭയിൽ

www.malankaralibrary.com

ബാവ - മെത്രാൻ വഴക്ക് കൊടുമ്പിരികൊണ്ടിരുന്ന വേളയിൽ ആയിരുന്നു ബഹു. അച്ചൻ വൈദികനായിത്തീർന്നത് .മലങ്കരയിലുള്ള മിക്ക പള്ളികളിലും രണ്ടുകക്ഷികളുണ്ടായിരുന്നതിനാൽ പുതിയ പ്രവേശനം തടയുക മുതലായ അനിഷ്ടസംഭവങ്ങൾ നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത് . ഓമല്ലൂർ ഇടവകയിൽ എട്ടുപത്തു വൈദികൻമാർ ഉണ്ടായിരുന്നു എങ്കിലും പീടികയിൽ അച്ചന്മാർക്ക് മറ്റുളവരേക്കാൾ ഉന്നത സ്ഥാനവും ജനസമ്മതിയും എല്ലായിടത്തുമുണ്ടായിരുന്നു . നല്ല ചുറുചുറുക്കും , പ്രസംഗപാടവവും , സംഭാഷണമാധുര്യവും ,വിജ്ഞാനവും കൊണ്ട് തന്റെ പിതാവായ പീടികയിൽ വല്യച്ചനെക്കാൾ കൊച്ചച്ചൻ എല്ലാവരെയും ഒന്നുപോലെ ആകർഷിച്ചിരുന്നു . ബഹു. അച്ചന്റെ കർമ്മാദികളിൽ സംബന്ധിക്കുന്നതിലും പ്രസംഗങ്ങൾ കേൾക്കുന്നതിനും എല്ലാവരും താല്പര്യം പ്രദർശിപ്പിച്ചിരുന്നു . ജനങ്ങൾക്ക് ഇഷ്ടമായിരുന്നെങ്കിലും മത്സരമുള്ള പള്ളികളിൽ ബഹു. അച്ചൻ പ്രവേശനം ആഗ്രഹിച്ചിരുന്നില്ല . ഈ ഘട്ടത്തിലാണ് മറ്റു പള്ളികളിൽ നിന്നും വ്യത്യാസപ്പെട്ട മലങ്കര മെത്രാപ്പോലീത്ത ആയ വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് തിരുമേനിക്ക് മാത്രം മേലധികാരവും പീടികയിൽ അച്ചന്മാർക്ക് അവകാശവുമായി പുത്തൻപീടിക 'മർത്തമറിയം' പള്ളി സ്ഥാപിച്ചത്. അന്നുമുതൽ ഈ പള്ളിയും ഇടവകയും ബഹു. അച്ചന്റെ സ്വന്തമായി . ഭിന്നങ്ങളായ പല പ്രൊട്ടസ്റ്റൻഡ് സമ്പ്രദായങ്ങളുമായുള്ള സമ്പർക്കം മൂലം പാഷാണ്ഡോപദേശങ്ങൾ നുഴഞ്ഞുകയറിക്കൊണ്ടിരുന്ന കാലവുമായിരുന്നു അത് . ഈ പാഷാണ്ഡോപദേശങ്ങളോട് പോരാടി അവയെ വെല്ലുവിളിച്ചുകൊണ്ട് ബഹു. അച്ചൻ തന്റെ ആത്മീയ മക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിൽ ദത്തശ്രദ്ധനായി പ്രവർത്തിച്ചു . ഈ അവസരത്തിലാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇപ്പോൾ സുപ്രസിദ്ധമായിരിക്കുന്ന മാക്കാംകുന്ന് കൺവെൻഷൻ ജന്മമെടുത്തത് .

അക്കാലത്ത് ധാരാളം ഹൈചർച്ചു ഗ്രന്ഥങ്ങളും , ചില കത്തോലിക്കാ ഗ്രന്ഥങ്ങളും വായിച്ച ബഹു. അച്ചൻ തന്റെ ജ്ഞാനത്തെയും ചിന്താശക്തിയെയും വളർത്തികൊണ്ടിരുന്നു .തന്റെ അജഗണങ്ങളെ വിശ്വസ്ത മക്കളാക്കി വളർത്തുന്നതിന് കത്തോലിക്കരുടെ വിശ്വാസധാർഢ്യത്തേയും അനുസരണത്തെയും ശ്ലാഘിച്ചും യാക്കോബായക്കാരുടെ ആദ്ധ്യാത്മിക ശോച്യാവസ്ഥയെ പരാമർശിച്ചും
പള്ളിയിൽ പ്രസംഗിച്ച് എല്ലാവരെയും ഉത്ബുദ്ധരാക്കികൊണ്ടിരുന്നു . കത്തോലിക്കാ സഭയെപ്പറ്റി രൂക്ഷമായ വിമർശനങ്ങളും വാദപ്രതിവാദങ്ങളും പലയിടത്തും നടന്നുകൊണ്ടിരുന്നു . ബഹു. അച്ചന്റെ അനുയായികളായി സുശിക്ഷിതരായ ഏതാനും സത്യാന്വേഷികൾ കത്തോലിക്കാ സഭക്കുവേണ്ടി പരസ്യമായി രംഗത്തിറങ്ങി വാദിക്കുവാനും തുടങ്ങി .തർക്കിക്കുന്നതിനും വിമർശിക്കുന്നതിനും എഴുതുന്നതിനും പ്രസംഗിക്കുന്നതിനും പ്രത്യേക പാടവമുള്ളവർ ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു . പു

www.malankaralibrary.com

നരൈക്യത്തിനു അനുകൂലികളായ എട്ടുപത്തു മൈലിന് ഉള്ളിലുള്ളവർ വന്നു ബഹു. അച്ചനുമായി സമ്പർക്കത്തിലേർപ്പെട്ടു . സാമൂഹ്യമായ പുനരൈക്യത്തിന് നേതാക്കന്മാരാരും പരസ്യമായി രംഗത്തിറങ്ങുന്നതിന് ധൈര്യപ്പെട്ടില്ല . അതിനാൽ റീത്തനുവദിച്ചുകൊണ്ട്  പുനരൈക്യപ്പെടുന്നതിന് ബഹു. അച്ചനും അനുയായികളും സന്നദ്ധരായി .ചങ്ങനാശ്ശേരി വേദപ്രചാരക ഡയറക്ടർ റവ . ഫാദർ . ഡൊമിനിക് തോട്ടാശ്ശേരി M . A . L .T . ബഹു. അച്ചന് റീത്തനുവദിപ്പിക്കുന്നതിനായി കൊല്ലം ബിഷപ്പ് ആയ ബെൻസിഗർ തിരുമേനിയുമായി ഇടപെട്ടു. വൃദ്ധനായ പീടികയിൽ വല്യച്ചന്



ബഹു. എബ്രഹാം പീടികയിൽ മല്പാൻ
(പീടികയിൽ വല്യച്ചൻ)

റീത്തനുവദിക്കാമെന്നും ബഹു. ഗീവറുഗീസ് അച്ചൻ കൽദായ സുറിയാനി തക്സ പരിശീലിക്കണമെന്നും , ബെൻസിഗർ തിരുമേനി കല്പിച്ചതിനാൽ റീത്തിനുവേണ്ടിയുള്ള ശ്രമം നിലച്ചു . അനന്തരം ചാരുമൂട് മിഷ്യൻ ഡിസ്ട്രിക്ട് വികാരിയായ പെ. ബഹു. ലോറൻസ് പെരേരാ അച്ചനുമായി ഇടപെട്ട് കാതോലിക്കാസഭയോട് പുനരൈക്യപ്പെടുന്നതിനുള്ള ആലോചന തുടങ്ങി . അദ്ദേഹം പത്തനംതിട്ടയിൽ ഒരു സ്ഥലം വാങ്ങി ഒരു കെട്ടിടം ഉണ്ടാക്കി അവിടെ താമസിച്ചുകൊണ്ട് ആലോചന തുടർന്നു . ബഹു. അച്ചനും അനുയായികളും പുനരൈക്യത്തിനു മുതിർന്ന വിവരം പരസ്യ

www.malankaralibrary.com

മായി . മർത്തമറിയം പള്ളിയോടു യാത്ര പറയാൻ സന്ദർഭം നോക്കിയിരിക്കെ 1926 ലെ വലിയ നോമ്പിൽ നാല്പതാം വെള്ളിയാഴ്ചയോടടുത്തദിവസം കുണ്ടറ നിന്നും അന്ന് മെത്രാനായിരുന്ന കടവിൽ പൗലോസ് മാർ അത്തനാസിയോസ് (1960 ൽ കാതോലിക്കാ ബാവയായ ബസേലിയോസ് ഗീവറുഗീസ് ദ്വിദീയൻ ബാവ) അച്ചനെയും ഇടവകകാരെയും ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് ഇവിടെ വന്നു പള്ളിയിൽ ഒരാഴ്ചയോളം താമസിച്ചു പരിശ്രമിക്കുകയുണ്ടായി . തിരുമേനിയുടെ വരവ് പള്ളിയിൽ നിന്നും അച്ചനും അനുയായികൾക്കും പിന്മാറുന്നതിനു മുഖാന്തരമായി ഭവിക്കുകയും പള്ളിസംബന്ധമായ സകല കണക്കുകളും റിക്കാർഡുകളും ബാക്കി പണവുമെല്ലാം ഏല്പിച്ച് മർത്തമറിയം പള്ളിയുമായിട്ടുള്ള ബന്ധത്തിൽനിന്നും ബഹു. അച്ചൻ വേർപെടുകയും ചെയ്തു .തിരുമേനിയുടെ പെട്ടെന്നുള്ള വരവും താമസവും ഇടപെടലും ബഹു. അച്ചനെ വല്ലാതെ വിഷമിപ്പിച്ച ഒരവസരമായിരുന്നു . അച്ചനെ അനുകൂലിച്ചവരെല്ലാം ഇതികർത്തവ്യതാമൂഢരായി നിലകൊണ്ടു . ബഹു. അച്ചന് ആലോചനയ്ക്കും ആശ്വാസത്തിനും ആരുമുണ്ടായില്ല . ഉറ്റവരെ സമീപിച്ചിട്ട് അവരിൽ നിന്ന് ആശ്വാസവും ധൈര്യവും കിട്ടിയതുമില്ല .

ആ കഷ്ടാനുഭവ ആഴ്ചയിൽ ഞാൻ ഉൾപ്പടെ ഏതാനും കൂട്ടുകാരോടുംകൂടി ബഹു. അച്ചൻ പെരുനാട്ടിൽ പോയി ബഥനി തിരുമേനി (മാർ ഇവാനിയോസ് ) യോടുകൂടി താമസിക്കുകയും ഈസ്റ്റർ ഞായറാഴ്ച അവിടെ നിന്നും യാത്രപറഞ്ഞു പിരിയുകയും ചെയ്തു . ഉടനെ തന്നെ പെ. ബഹു. ലോറൻസ് പെരേരാ അച്ചൻ പത്തനംതിട്ട ചാപ്പലിൽ താമസിച്ചുകൊണ്ട് പുത്തൻപീടികക്കാരുമായി ഇടപെട്ടു . ബഹു. ഗീവറുഗീസ് അച്ചൻ കൊല്ലത്തു പോയി ബെൻസിഗർ തിരുമേനിയെ കാണുന്നതിനും തീരുമാനിച്ചു .

ബെൻസിഗർ തിരുമേനി ബഹു. അച്ചനെ സ്വീകരിച്ച് തക്സ പരിശീലനത്തിനായി അച്ചന്റെ ആഗ്രഹപ്രകാരം മാന്നാനത്ത് ആശ്രമത്തിലേക്കയച്ചു .ഉടനെതന്നെ ബഹു. അച്ചന്റെ സ്ഥലത്ത് (ഇപ്പോൾ കാവൽ മാലാഖമാരുടെ പള്ളി ഇരിക്കുന്ന സ്ഥലത്ത്) ചാപ്പലിന്റെ പണിയും ആരംഭിച്ചു . ജൂൺ അവസാനത്തോടുകൂടി ബഹു. അച്ചനെ കൊല്ലത്തുവച്ച് ബെൻസിഗർ തിരുമേനി തിരുസഭാംഗമാക്കുകയും പുത്തൻപീടികയിലെ അൽമായ പ്രമുഖരായ കിഴക്കേതിൽ കെ.എം വറുഗീസ് വക്കീൽ,

www.malankaralibrary.com



കെ.എം വറുഗീസ് വക്കീൽ

താന്നിമൂട്ടിൽ കൊച്ചുകോശി വൈദ്യൻ,പടിഞ്ഞാറ്റേതിൽ നൈനാൻ വർഗീസ്, പുറത്തൂട്ട് ചാക്കോ, മുതിരക്കാലായിൽ ഇക്ക, വാഴേതിൽ കോശി, പ്ല ാംകൂട്ടത്തിൽ ചാക്കോ, മാമൂട്ടിൽ ചാക്കോ എന്നിവരും സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാ സഭ യിൽ ചേർന്നു.  ലോറൻസ് പെരേരാ തിരുമേനി ചാപ്പലിൽ വന്നുതാമസിച്ചുകൊണ്ട് ഇവിടെനിന്നും 120 പേരെ കാതോലിക്കാസഭയിലേക്കു സ്വീകരിക്കുകയും ചെയ്തു . ആറുമാസത്തിനകം കാവൽ മാലാഖമാരുടെ നാമത്തിൽ പള്ളിയും പണിതുതീർ ത്തു . ബഹു. അച്ചൻ അസിസ്റ്റന്റ് വികാരിയായി പ്രവർത്തനവും ആരംഭിച്ചു .വേദ പ്രചാരണമായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം.അതിനായി ഏറെ ക്ലേശങ്ങൾ സഹിച്ച് പലയിടത്തും ഓടിനടന്ന് പ്രവർത്തിച്ചിരുന്നു .അച്ചന്റെ പുനരൈക്യത്തോടു കൂടിയാണ് മധ്യതിരുവിതാംകൂറിൽ മതപ്രസംഗയോഗങ്ങൾ ആരംഭിച്ചത്. പണ്ഡിത രും വാഗ്മികളുമായ പ്രാസംഗികരുടെ കൂട്ടത്തിൽ അദ്ദേഹത്തിന് പ്രമുഖസ്ഥാനമു ണ്ടായിരുന്നു.ധാരാളം കോൺഫറൻസുകൾ പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരു ന്നു . ബഹു.പീടികയിൽ ഗീവറുഗീസ് അച്ചനില്ലാതെ ഒരു കോൺഫറൻസും ഒരു സ്ഥലത്തും നടന്നിട്ടില്ല എന്നുതന്നെ പറയാം. അന്ത്യോക്യൻ റീത്തു പ്രസ്ഥാനത്തി ന്റെ

ഉദയത്തോടുകൂടി അദ്ദേഹത്തിന്റെ മിഷ്യൻപ്രവർത്തനം വർദ്ധിച്ചു. കൊല്ലം രൂപത യിൽനിന്നുകൊണ്ട് പതിനഞ്ചു വർഷത്തോളം ആ നിലയിൽ പ്രവർത്തിച്ചു . ബഹു. പീടികയിൽ ഗീവറുഗീസ് അച്ചന്റെ നേതൃത്വത്തിൽ പുത്തൻപീടികയിൽ നടന്ന സഭാപരിവർത്തനം മലങ്കര സഭയിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു.റോമുമാ യി എഴുത്തുകുത്തുകൾ നടത്തുന്നതിലേക്ക് ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയെ അധികാരപ്പെടുത്തിയതനുസരിച്ച് 1926 നവംബർ 17 ാം തീയതി അ ന്നത്തെ കാതോലിക്ക ബാവായുടേയും മെത്രാന്മാരുടെയും സമ്മതത്തോടുകൂടെ റോമിലേക്ക് അപേക്ഷ സമർപ്പിച്ചത് പുത്തൻപീടികയിലെ പുനരൈക്യത്തെ തുടർ ന്നാണ് . അതിന്റെ ഫലമായി പുനരൈക്യപ്പെടുന്ന മെത്രാന്മാരെ സ്വീകരിച്ചും

www.malankaralibrary.com

അന്ത്യോക്യൻ സുറിയാനി റീത്ത് അനുവദിച്ചും 1930 ഓഗസ്റ്റിൽ പരിശുദ്ധ സിംഹാസനത്തിൽനിന്നും കല്പന ലഭിക്കുകയും സെപ്റ്റംബർ 20 ാം തീയതി പുനരൈക്യ പ്രസ്ഥാനം മലങ്കരയിൽ ഉടലെടുക്കുകയും ചെയ്തു . ഈ മഹത് പ്രസ്ഥാനത്തിന് മുന്നോടിയായി കളമൊരുക്കിയത് ബഹു. ഗീവറുഗീസ് അച്ചനായിരുന്നു . അതിന്റെ ഫലമായിട്ടാണ് പമ്പയാറിനു ചുറ്റുപാടുമുള്ള സ്ഥലങ്ങളിലും പുനരൈക്യപ്പെട്ടവരുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നത് .

ബഹു. അച്ചന് ഒരു നല്ല മനസാക്ഷി ഉണ്ടായിരുന്നു . അതിന്റെ പ്രചോദനത്തിനു അദ്ദേഹം വഴിപെട്ട് ലൗകീകമായ ബന്ധങ്ങളും നേട്ടങ്ങളും തൃണവത്ഗണിച്ചുകൊണ്ടു ആ സത്യത്തിനു ശിരസ് നമിച്ചു . അനേകരെ ആ സത്യത്തിലേക്ക് ആകർഷിച്ചു . മരണാസന്ന വേളയിലും വീരോചിതമായ അപദാനങ്ങൾ കീർത്തിച്ചുകൊണ്ടു മിഷ്യൻ പ്രവർത്തനം തുടർന്നിരുന്നു . ദിവ്യഗുരുവിനെപോലെ ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും പാടുപീഡകൾക്കും അദ്ദേഹം വിധേയനായി . ഇവയെല്ലാം സ്വർഗത്തിലേക്ക് അദ്ദേഹത്തെ സ്പുടംചെയ്തു എടുക്കുന്നതിനായിരുന്നു . അദ്ദേഹത്തിന്റെ മൺമയമായ ശരീരം നമ്മിൽനിന്നും മറഞ്ഞിരിക്കുന്നു . അതു മണ്ണാകുന്നു .മണ്ണോടു ചേർന്നുകൊള്ളട്ടെ . ആ കൂട്ടിലിരുന്ന മാടപ്രാവ് സ്വർഗ്ഗീയ പറുദീസയിലെ ജീവ വൃക്ഷത്തിലേക്ക് പറന്നിരിക്കുന്നു . നമുക്ക് അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരാം ..................

Published By

Subin Thomas Kizhakkethil